# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 22 No.08-10 Newsletter August-October 2024



ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ശക്തിയുടെയും സ്നേഹത്തിന്റെയും
സുബോധത്തിന്റെയും ആത്മാവിനെ അത്രേ ദൈവം നമുക്ക് തന്നത് (2 തിമൊ. 1:7)


SCF Retreat







# CHURCH VOICE

22nd year of publication

AUG-OCT 2024

**CHIEF EDITOR**

Rev. D. Jacob
(President)

**PRESBYTERS**

Rev. P. Thangaraj

Rev. Shiju R. Das

**ADDRESS**

The Chief Editor
Church Voice
M.M. Church
LMS Compound
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570

Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sun | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| | Young Family Fellowship | 05:30pm |
| Mon | Vestry Prayer | 06.30pm |
| Tue | Circle Prayer | 06.30pm |
| Wed | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thu | Senior Citizens' Fellowship | 04.30pm |
| Fri | Circle Prayer | 06:30pm |
| Sat | Fasting Prayer (2nd Sat) | 10:00am |
| | Choir Practice | 05.00pm |



## FROM THE PRESBYTER’S DESK



“എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും” (യോഹ. 8:31, 32, 36).

നമ്മുടെ രാജ്യം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ നാമും രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കുമായി പ്രാർത്ഥിക്കുന്നു. രാജ്യസേവനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാവർക്കായും ദൈവത്തോട് അപേക്ഷിക്കുന്നു. അതോടൊപ്പം ക്രിസ്തു നമുക്ക് നേടിത്തന്ന സ്വാതന്ത്ര്യത്തിന് ആത്മാർത്ഥമായി സ്തോത്രം അർപ്പിക്കുന്നു. ബന്ധന്മാർക്ക് വിടുതൽ നൽകാൻ യേശു ഭൂമിയിൽ അവതരിച്ചു (ലൂക്കൊ. 4:18). സകല സൃഷ്ടിയും സ്വാതന്ത്ര്യത്തിനായി കാത്തിരിക്കുന്നു (റോമ. 8:20) പാപം, ശാപം, പിശാച്, ന്യായപ്രമാണം എന്നിവയിൽ നിന്ന് കർത്താവ് സ്വന്ത രക്തത്താൽ നമ്മെ വിലെയ്ക്ക് വാങ്ങി സ്വതന്ത്രരാക്കി. അതിനാൽ അതിൽ ഉറെച്ചു നിൽക്കണം (ഗലാ. 5:1). നമുക്ക് ലഭിച്ച സ്വാതന്ത്ര്യം ബലഹീനർക്ക് യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിക്കാൻ സൂക്ഷിക്കണം (1 കൊരി. 8:9). സ്വാതന്ത്ര്യം ജഡത്തിന് അവസരമാകാതെയും ശ്രദ്ധിക്കണം (ഗലാ. 5:13). സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായി നടക്കണം (1 പത്രൊ. 2:16) കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ടു (2 കൊരി. 3:17) പുതുക്കത്തിൽ മനുഷ്യനെ അടിമത്വത്തിലാക്കുന്ന എല്ലാ ബന്ധനങ്ങളിൽ നിന്നുള്ള മോചനമാണ് യേശു വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യം.

വചനം അനുസരിക്കുന്നത് ജീവിതശൈലി ആകുമ്പോൾ ലഭിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് യോഹന്നാൻ സുവിശേഷകൻ പ്രതിപാദിക്കുന്നു (യോഹ. 8). പാപം നാശത്തിലേക്കും ദൈവത്തിൽ നിന്നുള്ള അകൽചയിലേക്കും ആത്യന്തികമായി നയിക്കുന്നു. എന്നാൽ ദൈവവചന പഠനം പാപത്തിന്റെ വിനാശകരമായ ഫലങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോദ്ധ്യവും നമുക്കു നൽകുന്നു. അതിനാൽ പാപത്തിന്റെ പ്രലോഭനത്തോട് എതിർത്തു നിൽക്കാനും സ്വതന്ത്ര്യരായി ജീവിക്കാനും നമുക്ക് സാധിക്കുന്നു.

സത്യം അറിയുന്നതിലൂടെ നാം സ്വാതന്ത്ര്യരാകും എന്ന് കർത്താവ് ഉദ്ബോധിപ്പിക്കുന്നു. യേശുവാണ് സത്യം. യേശുവിന്റെ വചനങ്ങൾ സത്യമാണ്. യേശു നമ്മെ സ്വതന്ത്രരാക്കിയാൽ നാം സാക്ഷാൽ സ്വാതന്ത്ര്യം പ്രാപിച്ചവരാണ്. അവരുടെ ജീവിതത്തിൽ ഭയത്തിന് സ്ഥാനമില്ല. ക്രിസ്തുവിനാൽ സ്വതന്ത്രരായവർ പരാജയത്തിനോ തിരസ്കരണത്തിനോ ഭയത്തിനോ അടിമകളല്ല. ദൈവാശ്രയം നമ്മെ ആത്മവിശ്വാസത്തോടും ധൈര്യത്തോടും കൂടി ജീവിക്കാൻ സഹായിക്കും.

ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലെ സഭയുടെ ശുശ്രൂഷകൾ അനുഗ്രഹകരമായി ദൈവം നടത്തി. സഭാരാധനകൾ, സർക്കിൾ പ്രാർത്ഥനകൾ, സംഘടനകളുടെ ആരാധനകൾ, വൈ.എഫ്.എഫ്.ന്റെ ചാരിറ്റി ഫെസ്റ്റ് എന്നിവ ഭംഗിയായി നടന്നു. കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച സഭയിലെ യുവജനങ്ങളെയും വിശുദ്ധ സ്നാനം സ്വീകരിച്ച് സഭയോട് ചേർന്ന കുഞ്ഞുങ്ങളെയും അനുമോദിക്കുന്നു. തങ്ങളുടെ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട സഭാംഗങ്ങൾക്ക് ദൈവം ആശ്വാസം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു. എസ്.സി.എഫ്.ന്റെ നേതൃത്വത്തിൽ ഗ്രാന്റ് മ്യൂസിക്കൽ കോൺസേർട്ട് സംഘടിപ്പിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു. വയനാട് ദുരന്തത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് സഹായം എത്തിക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇത്രത്തോളം നമ്മെ സഹായിച്ച ദൈവത്തിന് സ്തോത്രം.

സ്നേഹത്തോടെ,

**ജേക്കബ്ബച്ചൻ**

## Grow Spiritually

Waiting for perfect conditions will mean inactivity. This practical insight is especially applicable to our spiritual lives. If we wait for the perfect time and place for personal Bible reading, we will never begin. If we wait for a perfect Church, we will never join. If we wait for the perfect ministry, we will never serve. Take steps now to grow spiritually. Don't wait for conditions that may never exist.

# REPORT OF ACTIVITIES: JULY - SEPTEMBER 2024

Dear friends in Christ,

Greetings in the matchless name of our Lord and Savior Jesus Christ.

By the grace of God Almighty, regular worship services were conducted on all Sundays, led by our presbyters. Most. Rev. Mark Jeremy Strange, Primus of Scottish Episcopal Church visited our Church on 14th July 2024 and spoke the Word of God in English Service. Rev. Dr. Henry Jepa Richard, General Secretary of NMSI visited our Church and gave sermon in Tamil service on 14th July 2024.

All the regular meetings and worship services were conducted as usual. Morning devotion was conducted from Monday to Saturday at 7:00 am. Vestry Prayer was organized on all Mondays at 6:30pm. Circle prayers were conducted on Tuesdays and Fridays at 6:30pm, Gospel Band Visits were held on Wednesdays at 4:00pm and Fasting prayer was organized on all second saturdays.

In order to support our brothers and sisters in Wayanad, who were affected by the landslide, a door collection was organized on 11th August 2024. The fund collected was handed over to Rt. Rev. Dr. Royce Manoj Victor, the Bishop of Malabar Diocese.

The activities of our sub - organizations were organized prayerfully. Sunday School Arts Fest was conducted on 14th July. Many students participated and won prizes. Our Sunday School students bagged many prizes in the district and area level arts competitions.

Young Family Fellowship organized a Family & Individual Bible Quiz on 28th July. They conducted Charity Fest on 10th & 11th August. Annual retreat was organized from 13th to 15th September. YFF resumed

the newspaper collection from september 2024 to fund its charity programs. Old newspapers are collected on every last Sunday.

On behalf of our Senior Citizens' Fellowship, A Grand Choral Concert was conducted on 4th August at TJM Hall.

Independence Day of our nation was celebrated under the leadership of CEYF on 15th August 2024. Our Church member Col. D. D. Anslem hoisted the National Flag.

Family week by Women's Fellowship was organized from 15th to 22nd September 2024. House Visit, Cottage Prayer and Visit to Bethel Gram was organized as part of the family week.

Youth Week was organized from 22nd to 29th September 2024. Our youngsters celebrated youth week by organizing programs such as food distribution, one day convention at Kothalam City Mission Centre, Cottage get together, Old age home visit and Blood donors' data collection.

May God our Father and the Lord Jesus Christ give us all grace and peace.

**ആദരിക്കുന്നു...**

2024 ഡിസംബർ മാസം 1-ാം തീയതി ഞായാഴ്ച നടക്കുന്ന വാർഷിക സ്തോത്ര ആരാധനയിൽ ഈ വർഷം ഔദ്യോഗിക സാമൂഹിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരേയും, വിവിധ ബോർഡ്, യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നതവിജയം നേടിയവരേയും ആദരിക്കുന്നു. ഇതിന് അർഹരായ സഭാംഗങ്ങൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പും പാസ്സ്പോർട്ട് സൈസ് ഫോട്ടോയും നവംബർ 10-ന് മുമ്പായി ചർച്ച് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ പുറകിൽ കുടുംബ നമ്പർ, മേൽ വിലാസം, ഫോൺ നമ്പർ എന്നിവ എഴുതേണ്ടതാണ്.

കൺവീനർ



# കാർന്നു തിന്നുന്ന കാപട്യത്തിന്റെ തിക്താനുഭവങ്ങൾ

ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം

പൊയ് മുഖവും, മുഖം മൂടികളുമണിഞ്ഞു മനുഷ്യർ പൊതുവെ ജീവിക്കുന്നു. ഉള്ളിന്റെ ഉള്ളിൽ കുടികൊള്ളുന്നതിനെ ആത്മാർഥമായി പുറത്തു പറയാൻ ആരും സ്വാഭാവികമായി ആഗ്രഹിക്കുന്നില്ല. അധികാരം, അവസരം, ആനുകൂല്യങ്ങൾ എന്നിവ കൂടെ കരഗതമായി ത്തീരാൻ പിന്നെ ഒളിഞ്ഞും മറഞ്ഞുമായാണ് മനുഷ്യപെരുമാറ്റം. ഇല്ലാ ത്തതു എന്തോ ഉണ്ടെന്നു കാട്ടിക്കൂട്ടാൻ സർവരും മിടുക്കരാണ്. ആ കൃത്രിമ മിടുക്കിന്റെ അടിമകളാണ് നാം ഒരോരുത്തരും. **കൃത്രിമവും സൂത്രവുമാണ് കാപട്യത്തിന്റെ മുഖമുദ്ര**. ഏദൻ തോട്ടത്തിൽ അത് ആരം ഭിച്ചു. ആ പാതയിൽ നിന്ന് ഇന്നും മനുഷ്യർ മോചിതരല്ല.

**ചിന്തകൾക്കും വാക്കിനും തമ്മിൽ കാണുന്ന വ്യത്യാസമാണ് കാപട്യത്തിന്റെ അടിസ്ഥാനം**. ചിന്തിക്കുന്നതൊന്ന്, പ്രവർത്തിക്കുന്നത് മറ്റൊന്ന്, പ്രതികരിക്കുന്നത് വേറൊന്ന്. എല്ലാം പരസ്പരവിരുദ്ധം. വൈരുദ്ധ്യത്തിന്റെ കൂമ്പാരമാണ് കാപട്യത്തിന്റെ മുതൽക്കൂട്ട്. ഇത് ദൈവം വെറുക്കുന്നു. അവർക്ക് ആത്മാർഥതയില്ല. മനസ്സാക്ഷിക്കു ത്തില്ല, പാനജലം പോലെയാണ് അവർ പച്ചക്കള്ളം പറയുന്നത്. ഒരു കൂസലുമില്ലാതെ അവർ അസത്യം സംസാരിക്കുന്നു, അസത്യം പ്രവർ ത്തിക്കുന്നു, അസത്യത്തിനു കൂട്ടുനിൽക്കുന്നു. പുറം പൂച്ചുകൊണ്ടാണ് അവർ കാര്യങ്ങൾ നേടാൻ പരിശ്രമിക്കുന്നത്. താൽക്കാലികമായി ലഭിക്കുന്ന നേട്ടങ്ങൾ അവരുടെ തന്ത്രങ്ങൾക്ക് ആക്കം കൂട്ടുന്നു. ആഴമായ ഗർത്തത്തിൽ പതിക്കാൻ ഇനി അധികം താമസമില്ല.

കപടഭക്തിക്കാരെക്കുറിച്ച് യെശയ്യാവ് പറഞ്ഞു: “ഈ ജനം ആധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു” (മത്തായി 15:7).

വാക്കിനാൽ പ്രശംസിക്കപ്പെടാൻ ആഗ്രഹിക്കുന്നവരാണ് അധി കാരവർഗം. അൽമായ നേതാവും, കപ്യാരും, സെക്രട്ടറിയും, ഖജാൻ ജിയും, ഉപദേശിയും, പുരോഹിതനും, ബിഷപ്പും, മോഡറേറ്ററും, മെത്രാനും

ഇക്കാര്യത്തിൽ വ്യത്യസ്ഥരല്ല. **മുഖം നോക്കി പുകഴ്ച പറയുന്നത് കേൾക്കാൻ കാതോർക്കാത്തവർ ആരാണ്?** നമുക്കിടയിൽ ദൈവദൂതന്മാർ ആരുമില്ലല്ലോ! പറയുന്നവന്റെ വാക്കുകൾക്ക് ആത്മാർഥതയില്ലെന്ന് കേൾക്കുന്നവർ മനസ്സിലാക്കുന്നില്ല. മനസ്സിലാക്കണമെന്ന് തെല്ല് ആഗ്രഹവുമില്ല. കർണരസപ്രദമാകുമാറ് കേൾക്കാൻ അവർ വെമ്പൽ കൊള്ളുന്നു. നാവിന്റെ അറ്റം കൊണ്ട് ആരെയും ബഹുമാനിക്കുന്ന ഇക്കൂട്ടർ നമ്മുടെ ഇടയിലും നമ്മുടെ ഇടവകകളിലും വർധിച്ചു വരികയാണിപ്പോൾ. എവിടെച്ചെന്നാലും പ്രശംസാവാക്കുകൾ മാത്രം. വീണ്ടുവിചാരമില്ലാതെ പ്രസ്താവിക്കുന്ന ഈ വ്യഥാവാക്കുകൾ ഗുണത്തിലേറെ ദോഷം ചെയ്യുന്നു എന്ന് ആർക്കാണ് മനസ്സിലാകുക? അധികാരികളോടുള്ള ഭയത്തിന്റെയും നിർബന്ധിത സാഹചര്യത്തിന്റെയും സാമൂഹ്യ ബന്ധത്തിന്റെയും സഭാജീവിത ശൈലിയുടെയും പേരിൽ ആവർത്തിക്കപ്പെടുന്ന പൊള്ളവാക്കുകൾക്ക് കഴമ്പില്ല, പ്രയോജനവുമില്ല. ഇത് ജഢീകമാണ്. വിദൂരതയിൽ ഹൃദയത്തെ നിറുത്തിയിട്ട് അവശ്യ നിവർത്തിക്കുവേണ്ടി അവതരിപ്പിക്കുന്ന അകാരണവും അർഥശൂന്യവുമായ അലങ്കാരവാക്കുകൾ. ഈ ആലങ്കാരികതയ്ക്ക് പിന്നിൽ തികഞ്ഞ ഹൃദയ ശൂന്യത. ഇക്കൂട്ടരെയാണ് കപടഭക്തിക്കാർ എന്ന് യേശു അഭിസംബോധന ചെയ്തത്.

വാക്കിനും പ്രവൃത്തിക്കും തമ്മിൽ ഒരു ബന്ധവും ഒരു ചേർച്ചയുമില്ലാത്ത അവസ്ഥയിലാണ് അനേകർ ജീവിക്കുന്നത്. നട്ടെല്ലുറപ്പില്ലാത്ത, ചാഞ്ചാട്ടത്തിൽ വിദഗ്ദ്ധരായ ഇക്കൂട്ടർ ഒന്നിലും ഉറച്ച് നിൽക്കുന്നില്ല. സ്ഥിരമായ അടിസ്ഥാനമില്ല; വാക്കിനു വിലയില്ല, ആർക്കും അവരെ വിശ്വസിക്കാനും കഴിയുകയില്ല. പച്ച ഓന്തുപോലെ അവർ അടിക്കടി നിറം മാറിക്കൊണ്ടിരിക്കും. **ഓരോ സാഹചര്യത്തിനും അനുയോജ്യവും അനുസരണവുമായി അവർ അവരുടെ അഭിപ്രായവും തീരുമാനവും മാറ്റിക്കൊണ്ടിരിക്കും. താത്കാലിക ലാഭം മാത്രം ലക്ഷ്യം.** നഷ്ടം വന്നാലും സാരമില്ല എന്ന് അവർ എണ്ണാറില്ല. നാണം കേട്ടവർ. ''ആകയാൽ അവർ (ശാസ്ത്രിമാരും പരീശന്മാരും, കപടഭക്തിക്കാരും) നിങ്ങളോടു പറയുന്നത് ഒക്കെയും പ്രമാണിച്ച് ചെയ്‌വിൻ; അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് താനും''. (മത്തായി 23:2,3).

യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞ വാക്കുകളാണിത്. അക്ഷരാർത്ഥത്തിൽ ഇത് മതി. നമ്മുടെ ഇടയിലെ അൽമായ ഉപദേശകരും,

പട്ടക്കാരും, മേൽപട്ടക്കാരും ചെയ്യുന്നതുപോലെ നാം ചെയ്താൽ വിപത്തുകൾ നിറഞ്ഞ പരിണിത ഫലങ്ങൾ ആയിരിക്കും നമുക്ക് ലഭിക്കുക. പലരുടെയും ജീവിതത്തിനും പ്രവൃത്തികൾക്കും മാതൃകയില്ല. ധ്യാനപീഠത്തിൽ ഘോരഘോരം പ്രസംഗിക്കുന്ന സംഗതികൾ സ്വജീ വിതത്തിൽ പകർത്താൻ അവർ മെനക്കെടുന്നില്ല. **പ്രസംഗിക്കുന്നത് മറ്റുള്ളവരുടെ ഗുണത്തിന്; തനിക്കോ തന്നിഷ്ടം എന്ന നയമാണ് നാം പരക്കെ കണ്ടുവരുന്നത്. ഇത് ശാപപ്രവൃത്തി.**

സഭാജീവിതത്തിന്റെ നേതൃനിരകളിൽ കയറിപ്പറ്റാൻ ചുവട് മാറ്റി മാറ്റി ചവിട്ടിയാലേ സാധിക്കൂ എന്നാണു ഇന്ന് ചിലർ ചിന്തിക്കുന്നത്. ക്രിസ്തുവിന്റെ സഭയ്ക്ക് തുരങ്കം വയ്ക്കുന്നവരാണിവർ. പിതാപുത്ര പരിശുദ്ധാത്മാവിനെ വിലയ്ക്ക് വാങ്ങാനും വിലയ്ക്ക് വിൽക്കാനും ശ്രമിക്കുന്നവർ. വേദപുസ്തക പ്രമാണങ്ങൾ ഉറക്കെ പറഞ്ഞു നടന്നിട്ടു കടകവിരുദ്ധമായി പ്രവൃത്തിക്കുന്നതിനു അവർക്ക് ഒരു ലജ്ജയുമില്ല. അത്തിയില കൂട്ടിത്തുന്നി അവർ നഗ്നത മറയ്ക്കുന്നു. മനുഷ്യനും ഭാര്യയും തങ്ങളെ കാണാതിരിക്കാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിക്കുന്നു. ദൈവദൃഷ്ടിയിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല എന്ന കാര്യം പോലും മറന്ന് അവർ ഹൃദയത്തെ കഠിനമാക്കുന്നു. അവർ നിർബന്ധബുദ്ധിക്കാർ. **അവർക്ക് ദൈവത്തെ ഭയമില്ല, മനുഷ്യരെ ശങ്കയുമില്ല. ഇക്കൂട്ടരെ സൂക്ഷിക്കുവിൻ.** ഇവർ സ്വന്തം തെറ്റിനെ മറയ്ക്കാൻ കൂട്ടുകാരെയും സഹപ്രവർത്തകരെയും ഭവനക്കാരെയും ഒറ്റിക്കൊ ടുക്കുന്നു. പ്രസംഗിക്കുന്നത് പാലിക്കുന്നവരല്ല ഇക്കൂട്ടർ.

ഇത്തരക്കാരുടെ കാപട്യത്തിന്റെ ഉള്ളറകളിലേക്ക് നാം ഇറങ്ങിച്ചെന്നാൽ, സ്വയനീതീകരണവും കുറ്റം മറച്ചുവയ്ക്കലും ഇതിന് കാരണങ്ങളാണെന്ന് തെളിയും.

*യേശുവിന്റെ ശാസന ശ്രദ്ധിക്കൂ:*

"അല്ല, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ, നീ സഹോദരനോട്: നിൽക്ക, നിന്റെ കണ്ണിൽ നിന്ന് കരട് എടുത്തുകളയട്ടെ, എന്ന് പറയുന്നത് എങ്ങനെ? കപട ഭക്തിക്കാരാ, മുമ്പെ സ്വന്ത കണ്ണിൽ നിന്ന് കോൽ എടുത്തുകളയുക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുത്തുകളയാൻ വെടിപ്പായി കാണും" (മത്തായി 7:4,5).

(തുടരും...)



# പ്രതിവാര ധ്യാനം

**ഒക്ടോബർ 06**

**അൽമായരുടെ ശുശ്രൂഷ**

1 ശമൂ. 25:14-28; സങ്കീ. 23; 1 തെസ്സ. 4:1-12, ലൂക്കൊ. 10:25-37

**ഒക്ടോബർ 13**

**ഭിന്നശേഷി : ആശ്രയവും അന്തസ്സും**

പുറ. 4:10-17; സങ്കീ. 103:1-33; അപ്പൊ.പ്രവൃ. 3:1-10; മത്താ. 17:14-21

**ഒക്ടോബർ 20**

**അർത്ഥവത്തായ ജീവിതം തേടുന്ന യുവത്വം**

ഉല്പ. 39:1-23; സങ്കീ. 17; എബ്രാ. 12:1-11; യോഹ. 1:43-51

**ഒക്ടോബർ 27**

**സഭ : നവീകരിക്കപ്പെട്ടതും നവീകരിക്കുന്നതും**

ആവ. 26:4-11; സങ്കീ. 109:21-31; അപ്പൊ. പ്രവൃ. 2:43-47; മത്താ. 13:33-35

**നവംബർ 03**

**സഭയിലെ ശിശുക്കൾ**

പുറ. 2:1-10; സങ്കീ. 47; 3 യോഹ. 1:1-15, ലൂക്കൊസ് 18:15-17

**നവംബർ 10**

**വിളക്കുകൾ പ്രകാശിപ്പിക്കുക**

സെഖര്യാ. 4:1-14; സങ്കീ. 27; 1 കൊരി. 3:10-15; മത്തായി 15:14-16

**നവംബർ 17**

**പെൺകുട്ടികളുടെ സംരക്ഷണം**

ഇയ്യോബ് 42:10-17; സങ്കീ. 45:8-14;
അപ്പൊ. പ്രവൃ. 16:16-18; മത്താ. 15:21-28

**നവംബർ 24**

**ക്രിസ്തുവിന്റെ വരവിനായുള്ള കാത്തിരിപ്പ്**

മലാഖി 4:1-6; സങ്കീ.121; 2 തെസ്സലൊനീക്യർ 2:1-17
മത്തായി 25:1-13

*പാട്ട്*

# എനിക്കേറ്റം പ്രിയനായ്



S.R. ചന്ദ്രിക ജയദാസ്

എനിക്കേറ്റം പ്രിയനായ് കൂടെയുണ്ട്,
എന്റെ യേശുനാഥനെന്നും.
തന്റെ കരങ്ങളിൽ വഹിച്ചെന്നും,
നടത്തീടും അനുദിനം.
അനർത്ഥങ്ങൾ ഭവിച്ചിടാതെ
അനർത്ഥങ്ങൾ ഭവിച്ചിടാതെ (എനിക്കേറ്റം)

സ്തുതിക്കു യോഗ്യനാം യേശുവിനെ,
നാം എന്നും സ്തുതിച്ചീടുക.
അവൻ നടത്തുന്ന വഴികളെ,
ഓർത്താലോ സ്തുതിക്കാതെ,
ജീവിക്കാൻ സാധിക്കുമോ?
ജീവിക്കാൻ സാധിക്കുമോ? (എനിക്കേറ്റം)

കൈവിടുകില്ലവൻ ഉപേക്ഷിക്കില്ല,
നമ്മെ നിരന്തരം ഓർത്തിടുമേ.
അവൻ കരുതലിൻ കരങ്ങളിൽ,
സുരക്ഷിതരാണു നാം,
ജീവിക്കും നാളോളം,
ജീവിക്കും നാളോളം. (എനിക്കേറ്റം)

## CONGRATULATIONS



**Miss. Elita Anna Sheen** achieved 9th rank in the Kerala University BA LLB examination. She was a student of Mar Gregorious College of Law. She is the daughter of Er. Sheen Johnson & Mrs. Bindhu Sheen and Grand-daughter of (Late) Mr. Johnson Charles & Mrs. Vasantha Johnson.



# ഉത്തരം കിട്ടാത്ത പ്രാർത്ഥനകൾ

എൽ. ജെ. പത്മകുമാർ

ദൈവവചനം നമ്മെ പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. അവ നമുക്ക് അനേകം വാഗ്ദത്തങ്ങൾ നൽകുന്നു. എന്നാൽ പലപ്പോഴും ഈ വാഗ്ദത്തങ്ങൾ നമ്മുടെ ജീവിതത്തിൽ നിറവേറപ്പെടാറില്ല. യാചിച്ചിട്ടും കിട്ടാത്തതും അന്വേഷിച്ചിട്ടു കണ്ടെത്താത്തതും മുട്ടീട്ടു തുറക്കാത്തതുമായ അനേകം സാഹചര്യങ്ങൾ നമുക്ക് നമ്മുടെ ജീവിതത്തിൽ നേരിടേണ്ടി വന്നിട്ടുണ്ട്. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതിന് അനേകം കാരണങ്ങൾ വേദപുസ്തകത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ദൈവത്തിന് എന്തും ചെയ്യുവാനുള്ള പരമാധികാരം ഉണ്ടെന്ന് റോമർ 9:15-ൽ കാണുന്നു.

"എനിക്ക് കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും, എനിക്ക് കനിവ് തോന്നേണം എന്നുള്ളവനോട് കനിവു തോന്നുകയും ചെയ്യും".

പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടാത്തതിന് അനേകം കാരണങ്ങൾ ഉണ്ടെങ്കിലും അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.

**1. ദൈവത്തിലുള്ള വിശ്വാസക്കുറവ്**

നാം ദൈവത്തിൽ വിശ്വസിക്കാതെ അവനെ സംശയിക്കുമ്പോൾ നമുക്ക് നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നില്ല. നാം ദൈവത്തിലും അവന്റെ വചനത്തിലും പരിപൂർണ്ണമായി വിശ്വസിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. കർത്താവും അവന്റെ വചനവും മാറ്റമില്ലാത്തവയാണ്. നാം വിശ്വാസത്തോടെ അവനിലും അവന്റെ വചനത്തിലും ആശ്രയിച്ചാൽ ഒരിക്കലും നിരാശപ്പെടേണ്ടിവരില്ല. അവിശ്വാസി സ്ഥിരതയില്ലാത്തവനാണ്. അവിശ്വാസിയുടെ പ്രാർത്ഥനയ്ക്ക് ഒരിക്കലും ഉത്തരം ലഭിക്കില്ല.

പന്ത്രണ്ടു സംവത്സരമായി രക്തസ്രാവത്താൽ കഷ്ടപ്പെട്ട സ്ത്രീ വിശ്വാസത്തോടുകൂടി യേശുവിന്റെ വസ്ത്രത്തിൽ തൊട്ടപ്പോൾ അവൾ

സുഖം പ്രാപിച്ചു. മർക്കൊസ് 5:34-ൽ യേശു അവളോട് മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറയുന്നതായി നാം കാണുന്നു.

യേശുവിന്റെ പിതൃഭവനമായ നസ്രേത്തിൽ ഏതാനും ചില രോഗികളുടെ മേൽ കൈവച്ചു സൗഖ്യം വരുത്തിയതല്ലാതെ അവരുടെ അവിശ്വാസം ഹേതുവായി വീര്യപ്രവർത്തി ഒന്നും ചെയ്യുവാൻ കർത്താവിന് കഴിഞ്ഞില്ല (മർക്കൊസ് 6:4-4).

യാക്കോബ് 1:5-8 വരെ വായിക്കുമ്പോൾ ഇപ്രകാരം കാണുന്നു നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ. അപ്പോൾ അവനു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടു യാചിക്കേണം സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരയ്ക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽ നിന്നും വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു.

യോഹന്നാൻ 11:21-22 ൽ മാർത്തയുടെ വിശ്വാസം നമുക്കു കാണാം. മാർത്ത യേശുവിനോട് കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു. ഇപ്പോഴും നീ ദൈവത്തോട് എന്തു അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്നുപറഞ്ഞു. മാർത്തയുടെ വിശ്വാസത്തിന്റെ ഫലം കർത്താവ് ലാസറെ ഉയർപ്പിച്ചതിലൂടെ അവർക്ക് ലഭ്യമായി.

**2. മടുത്തു പോകാതെ പ്രാർത്ഥിക്കണം**

ലൂക്കോസ് 18-ാം അദ്ധ്യായത്തിൽ ഒരു വിധവയെക്കുറിച്ച് കർത്താവ് ഒരു ഉപമ പറഞ്ഞിട്ടുണ്ട്.

അവൾ നീതിക്കായി ഒരു ന്യായാധിപനോട് നിരന്തരം യാചിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും. തുടക്കത്തിൽ ന്യായാധിപൻ അവളെ ശ്രദ്ധിച്ചതേയില്ല. അവളുടെ പ്രശ്നങ്ങൾ കേൾക്കുവാനോ അവ പരിഹരിച്ചു കൊടുക്കുവാനോ ന്യായാധിപൻ കൂട്ടാക്കിയില്ല. എന്നാൽ ആ വിധവ ന്യായാധിപനെ മടുത്തു പോകാതെ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അവസാനം ന്യായാധിപന് ഗത്യന്തരമില്ലാതെ അവൾക്ക് വഴങ്ങേണ്ടതായി വന്നു. ലൂക്കോസ് 18: 4-5 ൽ ന്യായാധിപൻ ഇപ്രകാരം പറയുകയാണ്.





YFF Retreat









# Independence Day













# Women's Fellowship Retreat





## Family Week















# *In Ever Loving Memory of*





**P. Sundaram**
(Former Deacon of MM Church)

**Elsie Sundarram**

*Called to Eternal glory on*

**27-09-1970** **13-04-1964**

*Safe in the Arms of Jesus*

by, W/o Grandson, Late J. Jayaraj (Prof. Santha Kumari and Famiy)

# *In Ever Loving Memory of*





**Lalitha Claribel John (24)**
D/o Late P. Sundaram & Late Elsie Sundaram

**Lalitha Jane (73)**
D/o Late Lalitha Claribel John

*Called to Eternal glory on*

**01-06-1944** **07-04-2017**

*Safe in the Arms of Jesus*

by, Mrs. Jaya Raj (Prof. Santha Kumar) and family

# FONDLY REMEMBERED

## KAMALA REMANI BAI

(02/08/1939 to 11/10/2019)

*For since we believe that Jesus died and rose again, even so God will also bring with him through Jesus those who have fallen asleep in death......*

*(I THESSALONIANS 4: 14)*



**YOUR LIFE WAS A BLESSING**
**YOUR MEMORY A TREASURE**
**YOU ARE LOVED BEYOND WORDS**
**AND MISSED BEYOND MEASURE**

Husband - N P Moris
Son - Dr Jean Morris
Doughters - Serene Morris , Premula Morris, Remya Jean
Grand Children - Jithu P Lal , Regina Roy , Anand Jean

20th Death Anniversary

In Ever Loving Memory of



# Rachel Gilbert Bhanu

**Law College Jn. Trivandrum**
**20-08-1934 to 06-08-2004**

**By Family Members**

David Livingstone, Jolly David, Jobin David
Deena Rachel David
Simi Symon and Johan David Jobin

## 11th Death Anniversary

13-08-2024

*In Ever Loving Memory of*



# Annammal Sarada Wilson

**02-08-1950 to 13-08-2013**
**Watts Lane, Nanthencode**

**By Sorrowing Family**

James Wilson
Dilip Wilson, Jasmine & Leona
Prathap Wilson, Tejal Tilak Baker & Ivana

Memorial days are observed on 2nd August and 13th August in Balika Mandiram, LMS Compound

"എനിക്ക് ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല എങ്കിലും വിധവ എന്നെ അസഹ്യമാക്കുന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും. അല്ലെങ്കിൽ അവൾ ഒടുവിൽ വന്ന് എന്നെ മുഖത്തടിക്കും."

അനീതിയുള്ള ന്യായാധിപൻ ഇപ്രകാരം പ്രവർത്തിക്കും എങ്കിൽ നീതിമാനായ നമ്മുടെ കർത്താവ് എത്ര അധികം.

ലൂക്കോസ് 11 : 5-10 വരെ കർത്താവ് മറ്റൊരു ഉപമ പറയുന്നു. അവിടെയും മടുത്തു പോകാതെ നിരന്തരം പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യം കർത്താവു പഠിപ്പിക്കുന്നു. ഇവിടെ കർത്താവ് ഇപ്രകാരം പറയുന്നു "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുന്നവന് തുറക്കും എന്നും ഞാൻ നിങ്ങളോടു പറയുന്നു".

1 തെസ്സലൊനീക്യർ 5:16-17 ൽ "ഇടവിടാതെ പ്രാർത്ഥിപ്പിൻ എല്ലാത്തിനും സ്ത്രോത്രം ചെയ്വിൻ. ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തു യേശുവിൽ ദൈവേഷ്ടം".

ഗെത്ത്ശെമന തോട്ടത്തിൽ വച്ച് കർത്താവ് മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചതായി മത്തായി 26: 42-46 ൽ കാണുന്നു. മൂന്നു പ്രാവശ്യവും പിതാവിന്റെ ഇഷ്ടം അനുസരിക്കാനുള്ള സന്നദ്ധത കർത്താവ് പ്രകടിപ്പിച്ചതായി നമുക്കു കാണാം.

ഇതിൽ നിന്നൊക്കെയും നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കണമെങ്കിൽ നാം മടുക്കാതെ നിരന്തരം അവനെ പ്രാർത്ഥനയാൽ ശല്യപ്പെടുത്തിക്കൊണ്ടിരിക്കണം അങ്ങനെയെങ്കിൽ കർത്താവ് തീർച്ചയായും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകും എന്നതിന് യാതൊരു സംശയുമില്ല.

(തുടരും...)

*"മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെതന്നെ അവർക്കും ചെയ്വിൻ"*
*(ലൂക്കൊസ് 6:31)*

ഭക്തിഗാനങ്ങൾക്കു പിന്നിൽ



A. Livingstone

# യേശുവിലേക്ക് ആകർഷിക്കുക
## STEAL AWAY TO JESUS

Rev. A.T. Whak (Sydney),
Free Tract Band of Australia

Steal away, steal away, steal away to Jesus!
Steal away, steal away home, I ain't got long to stay here

1. My Lord, He calls me, He calls me by the thunder;
The trumpet sounds within my soul, I ain't got long to stay here.
2. Green trees are bending, Poor sinners stand a-trembling;
The trumpet sounds within my soul, I ain't got long to stay here.
3. My Lord, He calls me, He calls me by the lightning;
The trumpet sounds within my soul, I ain't got long to stay here.

നേടുക നേടുക, ആകർഷിക്കേശുവിൽ
നേടുക, നേടുക ദീർഘ നാളില്ലിങ്ങ്
എൻ ഉള്ളത്തിൽ കാഹളം മുഴങ്ങുന്നു
എനിക്കു തങ്ങാൻ ദീർഘനാളില്ലിങ്ങ്

വി. മത്തായി എഴുതിയ സുവിശേഷം 14:12-ൽ നാം ഇപ്രകാരം വായിക്കുന്നു. "അവന്റെ ശിഷ്യന്മാർ ചെന്ന് ഉടലെടുത്ത് കഴിച്ചിട്ടു. പിന്നെ വന്ന് യേശുവിനെ അറിയിച്ചു". യോഹന്നാൻ സ്നാപകന്റെ മരണത്തെപ്പറ്റിയാണ് ഈ ഭാഗത്ത് വായിക്കുന്നത്. ദുഃഖകരമായ ഒരു വിഷയത്തെ ആവിഷ്ക്കരിച്ചുള്ള ഈണമടങ്ങിയ ഒരു ഗാനമാണ് 'Steal away to Jesus'. ഈ ഗാനം വിക്ടോറിയ രാജ്ഞിയെ ഇംഗ്ലണ്ടിൽ Fisk Jubilee Singers എന്ന ഗായക സംഘം സന്ദർശിച്ചപ്പോൾ പാടി. പാവപ്പെട്ട അടിമകൾ, സൈമൺ ലഹറിയുടെ കാലത്ത് അനുഭവിച്ചിരുന്ന ചാട്ടവാറടികളും ക്ലേശങ്ങളും നിറഞ്ഞ അടിമത്വത്തിൽ നിന്നും അബ്രഹാം ലിങ്കൺന്റെ കാലത്ത് വിടുതൽ ലഭിച്ചപ്പോൾ അവർ ഹൃദയാഹ്ളാദത്തോടെ സീയോൻ ഗീതങ്ങൾ പാടി. ഭക്തിഗാനങ്ങളിലെ ഒരു രത്നം 'Gem' ആണീഗാനം. രക്ഷകന്റെ തന്നെ നേരിട്ടുള്ള ഒരു ക്ഷണം 'Invitation' ആയി കാതുകളിൽ പതിക്കുന്നത് ക്ഷീണിതരും തളർന്നവരുമായ ലോക

ജനനയോട് അവരുടെ ദുഃഖങ്ങളിലും നിരാശകളിലും നിന്നും യേശുവിലേക്കുള്ള ക്ഷണം. മനുഷ്യർക്കാവശ്യമായ ഒരേ ഒരു സാന്ത്വനം.

ദിവസത്തിന്റെ പകൽപ്രവർത്തനങ്ങൾ കഴിഞ്ഞു സൂര്യൻ സുവർണ്ണ പ്രഭയിൽ പടിഞ്ഞാറു കടലിലേക്ക് മുങ്ങുമ്പോൾ മനസ്സിനും ആത്മാവിനും ഒരു താൽക്കാലിക വിശ്രമം ലഭ്യമാകുമ്പോൾ ആത്മീയമായ നിത്യതയെപ്പറ്റിയുള്ള ചിന്തയിൽ 'യേശുവിലേക്കാകർഷിക്ക; യേശുവിനായ് നേടുക' എന്നിങ്ങനെയുള്ള ക്ഷണം ചെവികളിലെത്തിക്കാനുതകുന്ന ഗാനവാരികൾ അത്യധികം സഹായകമാകും.

ദുഃഖത്തിന്റെ നാഴികയിൽ ആനന്ദം മങ്ങി ഉല്ലാസം ദുഃഖമായി മാറുമ്പോൾ ഹൃദയവേദന അതിന്റെ കഥ പറയുമ്പോൾ യഥാർത്ഥ സഹതാപ മനസ്സോടെ കേൾക്കുന്ന ചെവികളിൽ ക്ഷണം എത്തുമ്പോൾ അവസരങ്ങൾ ഉണ്ടാകുന്നു. മുറിപ്പെട്ട ജീവിതത്തിൻ നിഴലിൽ നാം നുഴഞ്ഞു കയറി യേശുവിനായ് നേടുക; യേശുവിൽ ആകർഷിക്കുക. അവൻ നമ്മുടെ ആർദ്ര സ്നേഹിതൻ മാത്രമല്ല, അദൃശ്യനെങ്കിലും നമ്മോടൊപ്പം ഉണ്ട്.

ശോധനകൾ (Temptations) നമ്മെ വശീകരിക്കുമ്പോൾ, അതിന്റെ ഭീകരത സാത്താന്റെ തിളക്കമുള്ള കെണികളിലേക്കാകർഷിക്കുമ്പോൾ അവയിൽ നിന്നും രക്ഷനേടാൻ ഏറ്റവും മെച്ചമായ രക്ഷാവഴി യേശുവിലേക്കാകർഷിക്കുക, യേശുവിനായ് നേടുക. നമ്മുടെ ആത്മാവിനോട് പറയുക : കർത്തനരികിൽ നാം സുരക്ഷിതരാണ്. കർത്തൻ നായകനായി (Captain) ഉണ്ടെങ്കിൽ നാം ഒരിക്കലും തെറ്റുകയോ വീഴുകയോ ചെയ്യില്ല.

പാപം ഒരു ഭാരമായി നമ്മുടെ തോളിൽ ആയെന്ന് മനസ്സാക്ഷിയിൽ തോന്നുമ്പോൾ, തെറ്റുകൾ കൊടുങ്കാറ്റുപോലെ ദുഃഖം വിതയ്ക്കുമ്പോൾ, ആത്മാവിനെ ഉലയ്ക്കുമ്പോൾ കർത്താവിങ്കലേക്കു അടുത്തു വരിക. സമർപ്പിക്ക. കർത്താവിനു സകല ക്ലേശങ്ങളും അകറ്റാൻ കഴിയും. വചനത്തിൽ കാണുന്നതുപോലെ "When you pass through the waters, I will be with you"

ലൗകീക സന്തോഷങ്ങൾ വേർപിരിയുമ്പോൾ ജീവിതത്തിന്റെ മാധുര്യമേറിയ ഉല്ലാസങ്ങൾ തിളങ്ങുന്ന അസ്തമയം പോലെ മായുമ്പോൾ നാം ആരുടെ അടുക്കൽ പോകും? യേശുവിനടുത്തല്ലാതെ? യേശുവിനടുക്കൽ നമ്മുടെ തളർന്ന ചുവടുകൾ ചുറുചുറുക്കുള്ളതാകും. ജീവിതാന്ത്യത്തിൽ മാനുഷിക സഖിത്വമില്ലാതെ, ലാളനയില്ലാതെ ശീതള

നദിയിലെത്തുമ്പോൾ തനിയെയല്ലാ, വാഗ്ദത്തം ചെയ്തവൻ കൂടെയുണ്ട്. യേശുവിൽ സമർപ്പിക്കുക. നമ്മുടെ ആത്മസ്നേഹിതൻ.

"Steal away" എന്ന ഗാനവരികൾ രചിച്ച വാലസ് വില്ലിസ് ഒരു സമയം ഒരടിമയായിരുന്നു. 1862-ൽ അദ്ദേഹം പാടുന്നത് അലക്സാണ്ടർ റീഡ് എന്ന വൈദികൻ കേൾക്കുയും അത് ആലേഖനം ചെയ്തതായും കാണുന്നു.

പ്രിയരേ, നിശബ്ദത നിങ്ങളുടെ ആത്മാവിനെ നിർവീര്യമാക്കുന്നേരം നിങ്ങൾ ഒരു ശാന്തസ്വരം ശ്രവിക്കുമ്പോൾ നിങ്ങളുടെ ഹൃദയം തുറന്ന് കാത്തിരിക്കുക. തീർച്ചയായും നിങ്ങൾക്കു ഒരു പുതിയ അനുഭവമുണ്ടാകും. എല്ലാ ദുഃഖചിന്താഭാരങ്ങളും വെച്ചൊഴിയുക. കാതുകളിൽ കർത്താവിന്റെ ശാന്തസ്വരം ശ്രവിക്കുമ്പോൾ കർത്താവിനായി സ്വയം സമർപ്പിക്കുക. അതെ. യേശുവിനെപ്പോലെ മറ്റാരുമില്ല. ആത്മസ്നേഹിതൻ. ഈ ഗാനത്തിലൂടെ ആ ക്ഷണം മുഴങ്ങുന്നില്ലേ?



## അസൂയയെ വിട്ടുപിരിയുക

ഗ്രീസിലെ ദേശീയ കളികളിൽ ഒന്നാം സ്ഥാനത്തെത്തിയ യുവാവിന്റെ ഒരു പ്രതിമ അയാളുടെ ബഹുമാനാർത്ഥം നഗരത്തിൽ ഉയർത്തപ്പെട്ടു. ആൾക്കാർ ചുറ്റും കൂടി ആർത്തുവിളിച്ചു. പക്ഷേ എതിരാളിയായ യുവാവിന് ഇത് പിടിച്ചില്ല. അയാളിൽ അസൂയ സടകുടഞ്ഞെഴുന്നേറ്റു. രാത്രിയിൽ ചുറ്റികയുമായി അയാൾ ആ പ്രതിമ തല്ലി തകർക്കാൻ ശ്രമിച്ചു. പകുതി പൊട്ടിച്ചപ്പോൾ പ്രതിമ താനെ ഒടിഞ്ഞ് ഈ യുവാവിന്റെ തലയിൽ വീണ് അയാൾ മരിച്ചു. മറ്റുള്ളവരോടുള്ള അസൂയ നമ്മെ ഇഞ്ചിഞ്ചായി കൊല്ലും.



കാലം എത്ര പുരോഗമിച്ചിട്ടും അസൂയയ്ക്ക് മാറ്റമൊന്നുമില്ല. അസൂയയുടെ ആദ്യത്തെ ഇരയാണ് ഹാബേൽ. ദൈവത്തിന്റെ അനുഗ്രഹം ഹാബേൽ പിടിച്ചുപറ്റിയെന്ന് വിചാരിച്ച് കയീൻ ഹാബേലിനെ കൊന്നു. അതുകൊണ്ട് അസൂയ 'കയീൻ കോംപ്ലക്സ്'എന്ന ഓമനപ്പേരിൽ അറിയുന്നു.

വെറുപ്പിലേക്കുള്ള എളുപ്പവഴിയാണ് അസൂയ. അസൂയ ഉള്ളിടത്ത് സ്നേഹം അപ്രത്യക്ഷമാകും. അവിടെ പിന്നെ അവശേഷിക്കുന്നത് വെറുപ്പാണ്. അതുകൊണ്ട് അസൂയ മുളയിലേ നുള്ളണം. അസൂയയെപ്പറ്റി എഴുതിയാൽ എല്ലാവർക്കും നല്ലവണ്ണം മനസ്സിലാകും. അത് നമ്മളിലെല്ലാം ഉണ്ട്. ഏറ്റക്കുറച്ചിലുകളോടെ. ഏഴ് വലിയ അപങ്ങളിലൊന്നാണ് അസൂയ. അതുകൊണ്ട് സൂക്ഷിക്കുക.

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No<br>320 | **Edith Omana J.**<br>Shine Villa, PLRA 20,<br>Panachamoodu Lane, Pattom, TVM<br>Died on : 05-06-2024 |  |
| Family No<br>296 | **Grace Mony**<br>YGRA 53, Yuvadhara Gardens,<br>Kuravankonam, TVM<br>Died on : 04-07-2024 |  |
| Family No<br>1706 | **Rani Nirmala Davis**<br>Davis Villa, House No. 31,<br>Mangaratu Gardens, Pappanamcode, TVM<br>Died on : 25-07-2024 |  |
| Family No<br>1301 | **Van Rose S.**<br>PLRA 130, LIC Nagar, Puthupally Lane,<br>Medical College, TVM<br>Died on : 24-08-2024 |  |
| Family No<br>925 | **Christudas D.**<br>MRA 59,<br>Maruthankuzhy, TVM<br>Died on : 04-09-2024 |  |
| Family No<br>1066 | **Kamala Mohan**<br>KP Road, Nagercoil,<br>Tamil Nadu<br>Died on : 14-09-2024 |  |

## CROSSED JORDAN TO BE WITH THE LORD


| | | |
|---|---|---|
| Family No 1376 | **Sanil Kumar**<br>OVRA E89,<br>Lenin Nagar, TVM<br>Died on : 07-10-2024 |  |
| Family No 918 | **Sandlow Daniel**<br>'Sinai' 66B, Nakshatra Lane, Indira Nagar Road, Peroorkada, TVM<br>Died on : 09-10-2024 |  |
| Family No 791 | **Adv. Devasahayam**<br>House No. 17, Sivamangalam Lane,<br>Pattom, TVM<br>Died on : 10-10-2024 |  |
| Family No 718 | **Babu Japakumar**<br>Rose Dale, MNRA 101-A,<br>Sneha Junction, Parottukonam, TVM<br>Died on : 13-10-2024 |  |

*"Blessed are the dead who die in the Lord henceforth,*
*'Blessed indeed, says the spirit'*
*that thy may rest from their labours,*
*for their deeds follow them! (Rev. 14:13)*

# CROSSWORD PUZZLE - 12

*Compiled by*

**PREMCHAND JOHNSON**



**Across**

5. Vitamin D is synthesized when we are exposed to _____ (8)
8. Hot season (6)
12. Inscription on a tomb about the person (7)
14. Nacl (14)
17. Largest living mammal (9)
18. Distance from the center to the edge: A bone (6)
19. Vice President of india (7)
20. Egg laying mammal (8)
21. '...the water that was made ____ john 2:9 (4)

**Down**

1. Greek for word,thought,principle or speech (5)
2. Latvia capital (4)
3. 8bits (4)
4. Bird with highest longevity (9)
6. A large amount of snow which slides down a mountain slope (9)
7. Relating to the moon (5)
9. Indian(malayali)emperor (8)
10. An extinct flightless bird (4)
11. ___guage, meter gauge and narrow gauge (5)
13. This is again the second ____ that Jesus did (4)
15. Smallest planet (7)
16. Breathing in oxygen and breathing out carbon dioxide (11)
20. Portable document format (3)

**Answers To Crossword 11** : 1) lilliput 2) 3) tekoa 4) hook 5) ostrichegg 6) kangaroo 7) fuselage 8) hurdles 9) oneyear 10) guitar 11) perspire 12) sahara 13) humidity 14) climate 15) danke 16) xray 17) add 18) reuben 19) defendant 20) amen

Winner of crossword 11 : Dr. Arvind

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge. **Whatsapp your answer to 9447018118**

## CONGRATULATIONS

### YWCA ELECTION 2024

Following members of our Church got elected in the YWCA Election.



**Er. Tinu Ivy Jacobs**
Vice President
YWCA



**Er. Lalitha Jayakumar**
Nominating
Committee Member
YWCA



**Mrs. Chandra Livingstone**
Nominating
Committee Member
YWCA

*May God enable them to perform their duties well and glorify God.*

*My cross is not too heavy, My road is not too tough*
*God always walks with me,And to know this is enough*
*(Helen Rice)*

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Genesis 1-10. Traditionally, Moses is credited with writing the book of Genesis. These ten chapters describe the creation, fall of man, great flood etc. Kindly, read these ten chapters before attempting the quiz.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before November 15th through email at churchvoicequiz@gmail.com

> Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
> After taking a photo make sure that the answers are readable before sending it.
> Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link. - Genesis 1-10*

1. Who was the father of all who play the harp and flute?
2. The waters flooded the earth for how many days?
3. Who is the father of Magog?
4. On which day did God create light?
5. Which river winds through the entire land of Havilah?
6. On which month did the ark come to rest on the mountains of Ararat?
7. Who made garments of skin for Adam and his wife?
8. How old was Adam when he died?
9. Who is the first person to be mentioned in the Bible to have planted a vineyard?
10. Which wood did Noah use to build the ark?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*Please do go through the answers published every month, because the submitted answers are valued based on context rather than exactness.*

The correct answers to the quiz from Revelation 11-22

1. 12 gates (Rev. 21:12)
2. 7 (Rev. 13:2)
3. Mystery : Babylon the Great the mother of prostitutes and of the abominations of the earth (Rev. 17:4,5)
4. 1,44,000 (Rev. 14:1)
5. 1000 years (Rev. 20:7)
6. 1 hour (Rev. 18:19)
7. Armageddon (Rev. 16:16)
8. 4 (Rev. 19: 1,3,4,6)
9. 12 crops (Rev. 22:2)
10. 1260 days (Rev. 11:3)

List of people who had submitted the right answers to the quiz from Revelation 11-22

1. Sujana Satish
2. Jolly David
3. Meehal Godwin
4. Latha Job
5. Lilora P. R.
6. Nirmala Lal Jayakumar
7. Gladis J.
8. Soben S. L.
9. Anie Reuben
10. Reuben S. L.
11. Salee Pramila D. P.
12. Girly Rajesh John
13. Nesakumari Davidson
14. Jothi Roberts
15. Dora Johnson
16. Mershika John
17. Anitha Kingsley
18. Dr. Felcy Priya Davidson
19. Rajesh John Ross

List of people who submitted answers with only one mistake

1. Helen Saramma E. H.
2. J. Sumangala
3. Chandra John

# ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ

## ആഗസ്റ്റ് – ഒക്ടോബർ 2024

### ഉല്പത്തി 1–10

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. കിന്നരവും വീണയും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായ് തീർന്നത് ആര്?
2. വെള്ളം ഭൂമിയിൽ എത്ര ദിവസം പൊങ്ങിക്കൊണ്ടിരുന്നു?
3. മാഗോഗിന്റെ പിതാവ്?
4. ഏതു ദിവസമാണ് ദൈവം വെളിച്ചം സൃഷ്ടിച്ചത്?
5. ഏതു നദിയാണ് ഹവീലാ ദേശമൊക്കെയും ചുറ്റുന്നത്?
6. ഏത് മാസമാണ് പെട്ടകം അരരാത്ത് പർവതത്തിൽ ഉറച്ചത്?
7. ആദാമിനും അവന്റെ ഭാര്യക്കും തോൽകൊണ്ടു ഉടുപ്പു ഉണ്ടാക്കിയത് ആര്?
8. ആദാം മരിച്ചപ്പോൾ എത്ര വയസ്സായിരുന്നു?
9. മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയതായി വേദപുസ്തകത്തിൽ ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് ആരെക്കുറിച്ച്?
10. നോഹ പെട്ടകം പണിതത് ഏത് മരം ഉപയോഗിച്ച്?

## IMPORTANT MESSAGE

**Do you know that the Holy Bible may not be seen anywhere in the next 50years if nothing is done to save it?** Do you know that Satan is using new technology to remove the Holy Bible from the Book shops, Book shelves and Churches and Christians and Men of God are helping him achieve that without their knowing?"When Ministers of God preach from their laptops, iPads and phones instead of from the Bible, they are inadvertently encouraging their members to come to"the Church Services with their phones instead of their Bibles."Have you ever wondered what will happen to an lmam who preaches in the mosque from the laptop instead of from Quran? Have you ever wondered what will happen to a Moslem in the mosque fiddling with his phone looking for Quranic verses while the lmam is preaching? Though they have highly educated people amongst them who could take advantage of the new technology. "While other religious groups are working hard to preserve their religious books, Christians are working hard to remove the Holy Bible from hard copy to soft copy for their convenience''. **If Christians continue with this attitude, less Bibles will be sold and gradually the publishers will stop Bible production.** Technology has resulted in phasing out a lot of things today. Battery powered torches are gradually being phased out because of rechargeable torches. Please don't allow the Holy Bible to suffer the same fate. There are still books in Heaven Rev. 20:12.'' "**Let us go to our Church Services and Fellowships with our Bible even if it's"archaic and burdensome**''. Let us continue to preach from it for the sake of Christ and for the preservation of the Holy Bible''. "If going to Church Services with the Bible is a burden, remember Jesus carried a bigger burden for you. You can use your iPads and phones for your private/personal Bible study for your convenience but please save the Holy Bible from going into extinction by using the HOLY BIBLE (hard copy) to Church Services and Fellowships. God will bless you''. "If you are stirred/blessed by this write up, please send it to all the Christians you know.

**Rev. Dr. M. Mani Chacko,**
General Secretary, The Bible Society of India

## ACCOUNTS SEPTEMBER 2024

| Income | Amount | Expenses | Amount |
|---|---|---|---|
| Opening Balance | 806898 | Salaries - Pastors & Staff | 320128 |
| Offertory | 677400 | Wages | 82500 |
| Missionary Fund | 63000 | Repairs & Maintenance | 24462 |
| Poor Fund | 105250 | City Mission centres | 61500 |
| TJM Hall Charges | 63000 | Poor Help | 37800 |
| Cemetery charges | 14000 | Cemetery exp | 4549 |
| Other Receipts (Hymnal) | 15450 | Levy Advance | 120000 |
| Marriage and Administrative Charges | 56000 | Parsonage Maintenance | 58759 |
| Transfer to Diocese -Salary Recoveries | 68981 | Board for Mission | 90100 |
| | | Grant to Choir | 6000 |
| | | Electricity,Net, Tea arrg. Other expenses | 54102 |
| | | TJM Hall Expenses | 105331 |
| Total Income | 1869979 | Total Expense | 965231 |
| | | | |
| | | Closing Balance | 904748 |

## Sunday School Arts Competitions

MM Church Sunday School secured first place in the Trivandrum District Arts competions and bagged many prizes in the Area level Arts Fest. Congratulations to all winners and participants.



**Sunday School Art Fest**







**CEYF Retreat 2024**







# Youth Week













